മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്. ഫൻ‌ഡ്-ൽ.

(ബി) വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറ് * മേശപ്പുറത്ത് വച്ചിരിക്കുന്നു.

(സി) കമ്മറിയുടെ റിപ്പോർട്ട് ഫൻ‌ഡ് 0-ാമത സാമ്പത്തികവർഷം തികഞ്ഞതിനു ശേഷമെ കിട്ടീട്ടുള്ളൂ. അതുകൊണ്ട് ഫൻ‌ഡ് 0-ാമത സാമ്പത്തിക വർഷത്തിൽ ഇതുസംബന്ധിച്ച് യാതൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: പിന്നോക്ക സമുദായോദ്ധാരണത്തിനായിട്ടല്ലേ ഫൻ‌ഡ് 0-ാമത-ലെ ബഡ്ജറ്റിൽ പണം അനുവദിച്ചിട്ടുള്ളത്?

ശ്രീ. സി. കേശവൻ: അതേ. പക്ഷെ പ്രസ്തുത കമ്മറിറി റിപ്പോർട്ട് ലഭിക്കാഞ്ഞതിനാൽ ആ പണം ചിലവാക്കിയിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആ കമ്മറിയുടെ റിപ്പോർട്ട് പരസ്യം ചെയ്യുവാൻ ഗവൺമെൻറിനു് ഭയമുണ്ടാകുമോ?

ശ്രീ. സി. കേശവൻ: അതിനു് തടസ്സമൊന്നുമില്ല.

പബ്ലിക്കു് സർവ്വീസു് നിയമനങ്ങൾ

*8 (9) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി; താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

പബ്ലിക്കു് സർവ്വീസിലേക്കു് അപേക്ഷകർ ക്ഷണിക്കപ്പെടുമ്പോൾ ഇൻഡ്യാഗവൺമെൻറ് ചെയ്യുവരുന്നതുപോലെ പട്ടികജാതിക്കാർക്കു് റിസർവേഷൻ അനുവദിക്കാതിരിക്കുവാൻ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): റിസർവേഷൻ അനുവദിക്കുന്ന സംഗതിയിൽ പട്ടികസമുദായക്കാർക്കും പിന്നോക്കസമുദായക്കാർക്കും സ്ഥാനങ്ങൾ സംവരണം ചെയ്യുന്നതിനും മറ്റുമായി ഒരു കമ്മറിയെ നിയമിച്ചിട്ടുണ്ടു്. ആ കാര്യം ആ കമ്മറിയുടെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആ കമ്മറി ഏതാണു്?

ശ്രീ. സി. കേശവൻ: ഗവൺമെൻറ് അതിലേക്കു് ഒരു കമ്മറിയെ നിയമിച്ചിട്ടുണ്ടു്. ആ കമ്മറിയിലെ അംഗങ്ങളുടെ പേരുവിവരം അടുത്ത ചോദ്യത്തിലെ ഉത്തരമായി പറയുന്നതാണു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അടുത്ത കാലത്തുണ്ടായ നിയമനങ്ങളിൽ പിന്നോക്കസമുദായക്കാരുടെ അവകാശങ്ങൾ അവഗണിക്കപ്പെട്ടിട്ടുണ്ടെന്നു് അറിയാമോ?

ശ്രീ. സി. കേശവൻ: ലവലേശവും അവഗണിക്കപ്പെട്ടിട്ടില്ലെന്നാണു് ഗവൺമെൻറിൻെറ അറിവു്.

ശ്രീ. കെ. രാമചന്ദ്രൻ: പിന്നോക്കസമുദായ പ്രാതിനിധ്യത്തിനും മറ്റുമായി ഇപ്പോൾ ഒരു കമ്മറിയെ നിയമിച്ചിട്ടുണ്ടെന്നു് പറഞ്ഞുവല്ലോ. ഇതിലേക്കു് മുമ്പേതന്നെ ഒരു കമ്മറി ഉണ്ടല്ലോ. വീണ്ടും ഒരു കമ്മറിയുടെ ആവശ്യം എന്താണു്?

ശ്രീ. സി. കേശവൻ: മുമ്പു് ഒരു കമ്മറിയെ നിയമിച്ചിരുന്നതു് ഫീസു് സൌജന്യത്തിനു് അർഹരായ പിന്നോക്ക സമുദായങ്ങൾ ഏതെല്ലാമാണെന്നു് നിശ്ചയിക്കാനാണു്. എന്നാൽ ഇപ്പോൾ നിയമിച്ചിരിക്കുന്ന കമ്മറി പബ്ലിക്കു് സർവ്വീസിലും മറ്റും ഉള്ള പ്രാതിനിധ്യവിഷയത്തിൽ പ്രത്യേകം പരിഗണന

* Please See Appendix I, page 43.

LIBRARY ARCHIVES Kerala Legislative Assembly

അർഹിക്കുന്നുക്ക പിന്നോക്ക സമുദായങ്ങൾ ഏതെല്ലാമാണെന്നു നോക്കാനാണ് നിയമിക്കപ്പെട്ടിരിക്കുന്നത്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഫീസ് സൌജന്യത്തിനായി അനുവദിക്കപ്പെട്ടിരിക്കുന്ന സമുദായങ്ങളുടെ ലിസ്റ്റിൽ മറ്റു ചില സമുദായങ്ങളെക്കൂടി ഉൾപ്പെടുത്തുവാൻ ഗവണ്മെൻറിനു സാധിക്കുമോ?

ശ്രീ. സി. കേശവൻ: പിന്നോക്ക സമുദായങ്ങളുടെ അഡ്വൈസറി ബോർഡിൻറെ ശുപാർശ അനുസരിച്ച് ചില സമുദായങ്ങളെക്കൂടി ആ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ കഴിയും.

ഹരിജൻ ഹോസ്റ്റലുകൾ

*൩. (൨) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) പിന്നോക്കസമുദായക്കാരുടെ വിദ്യാഭ്യാസ സൌകര്യത്തെ ഉദ്ദേശിച്ചു നടത്തിവന്ന ഹരിജൻ ഹോസ്റ്റലുകൾ നിർത്തുകയാൽ ഗവണ്മെൻറിനു ലാഭമുണ്ടെന്നു പറയുമോ;

(ബി) ഹോസ്റ്റലുകൾ നിർത്തുകയും സ്റ്റൈപ്പൻറ് കുറയ്ക്കുകയും ചെയ്തതിൽ വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള വൈഷമ്യങ്ങളെപ്പറ്റി ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) പ്രതിവർഷം ൯൫,൭൫൦ രൂപാ.

(ബി) ഹോസ്റ്റലുകൾ നിർത്തിയതുകൊണ്ട് സൌജന്യമായ താമസസൌകര്യവും ഭക്ഷണസൌകര്യവും ലഭിച്ചിരുന്ന ൫൫൦ വിദ്യാർത്ഥികൾക്ക് വീട്ടിൽ താമസിക്കേണ്ടിവരികയും അതുകൊണ്ട് അവർക്ക് ചില അസൌകര്യങ്ങളെല്ലാം നേരിടുകയും ചെയ്തിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ഹോസ്റ്റലുകൾ നിർത്തിയതു് അസൌകര്യംതന്നെയാണ്. അവരുടെ സ്റ്റൈപ്പൻറ് കുറച്ചിട്ടില്ല. മറിച്ചു് കുറെ കൂട്ടിയിട്ടുണ്ട്. ൧൯൫൦—൫൧ൽ പിന്നോക്കസമുദായക്കാർക്ക് ഹൈസ്കൂളിലും മിഡിൽ സ്കൂളിലും പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് വസ്ത്രം, പുസ്തകം ഇവ വാങ്ങിക്കുന്നതിനു് യഥാക്രമം ൫൦.൦, ൨൫.൦ രൂപാ എന്ന തോതിൽ ലഭിച്ചു. ഈ ഇനത്തിൽ ആകെ ൨,൩൯,൭൫൦ രൂപയാണ് ചെലവു്

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കോളേജ് വിദ്യാർത്ഥിക്ക് എന്താണ് ഈ വകയിൽ നൽകിവന്ന തുക?

ശ്രീ. സി. കേശവൻ: പ്രതിമാസം ൫൫ രൂപാ ആഹാരച്ചെലവിനു് അയിട്ടതന്നെ അനുവദിക്കുന്നുണ്ട്. പുസ്തകം മുതലായവയ്ക്കു് വേറെയും.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഗവണ്മെൻറ് നടത്തുന്ന ഹോസ്റ്റലുകൾ തുടരുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ ൫൫ രൂപാ കോളേജ് വിദ്യാർത്ഥിക്ക് ആഹാരത്തിനു മതിയാകുമോ?

ശ്രീ. സി. കേശവൻ: മതിയാകുന്നില്ലെന്നു പരാതിയുണ്ട്. കൂടുതൽ നൽകുവാൻ ശ്രമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly